**മധുരമായ കുട്ടികളേ- ഏകാന്തമായിരുന്ന് ഇപ്പോൾ ഇങ്ങനെയുള്ള അഭ്യാസം ചെയ്യൂ അതിലൂടെ ഞാൻ ശരീരത്തിൽ നിന്നും വേറിട്ട ആത്മാവാണ് എന്ന അനുഭവം ഉണ്ടാകണം, ഇതിനെത്തന്നെയാണ് ജീവിച്ചിരിക്കെ മരിക്കുക എന്ന് പറയുന്നത്.**

**ചോദ്യം:-** ഏകാന്തം എന്നതിന്റെ അർത്ഥം എന്താണ്? ഏകാന്തമായിരുന്ന് നിങ്ങൾക്ക് ഏതൊരു അനുഭവമാണ് ചെയ്യേണ്ടത്?

**ഉത്തരം:-** ഏകാന്തം അർത്ഥം ഒരാളുടെ ഓർമ്മയിൽ ഈ ശരീരത്തിന്റെ അന്ത്യം ഉണ്ടാകണം അർത്ഥം ഏകാന്തമായിരുന്ന് ഇങ്ങനെ അനുഭവം ചെയ്യൂ അതായത് ഞാൻ ആത്മാവ് ഈ ശരീരത്തെ ഉപേക്ഷിച്ച് ബാബയുടെ അടുത്തേയ്ക്ക് പോകുന്നു. ആരെയും ഓർമ്മ വരരുത്. ഇരുന്ന ഇരുപ്പിൽ അശരീരിയായി മാറൂ. ഞാൻ ഈ ശരീരത്തിൽ നിന്നും മരിച്ചുകഴിഞ്ഞു എന്നു തോന്നണം. ഞാൻ ആത്മാവാണ്, ശിവബാബയുടെ കുട്ടിയാണ്, ഈ അഭ്യാസത്തിലൂടെ ദേഹാഭിമാനം മുറിയും.

**ഓം ശാന്തി**. കുട്ടികൾക്ക് ബാബ ആദ്യമാദ്യം മനസ്സിലാക്കിത്തരുന്നു മധുര മധുരമായ കുട്ടികളേ എപ്പോൾ ഇവിടെ ഇരിക്കുന്നുവോ അപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ ബാക്കി ഒരു ഭാഗത്തേയ്ക്കും ബുദ്ധി പോകരുത്. ഇത് നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ ആത്മാക്കളാണ്. പാർട്ട് നമ്മൾ ആത്മാക്കളാണ് ഈ ശരീരത്തിലൂടെ അഭിനയിക്കുന്നത്. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. അതിനാൽ നിങ്ങൾ കുട്ടികൾക്ക് ദേഹീ അഭിമാനിയായി മാറി ബാബയെ ഓർമ്മിക്കണം. ഈ കർമ്മേന്ദ്രിയങ്ങളിലൂടെ കാര്യങ്ങൾ ചെയ്താലും ഇല്ലെങ്കിലും നമ്മൾ ആത്മാവുതന്നെയാണ്. ഞാൻ ശരീരത്തിൽ നിന്നും വേറിട്ടതാണ് എന്ന് മനസ്സിലാക്കണം. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ദേഹത്തെ മറക്കൂ. ഞാൻ ആത്മാവ് സ്വതന്ത്രമാണ്. എനിക്ക് ഒരേയൊരു ശിവബാബയെ അല്ലാതെ മറ്റാരെയും ഓർമ്മിക്കേണ്ടതില്ല. ജീവിച്ചിരിക്കെത്തന്നെ മരിച്ച അവസ്ഥയിൽ ഇരിക്കണം. നമ്മൾ ആത്മാക്കളുടെ യോഗം ഇപ്പോൾ ബാബയുമായിട്ടാവണം. ബാക്കി ലോകത്തിൽ നിന്നും വീട്ടിൽ നിന്നും മരിച്ചുകഴിഞ്ഞു. നമ്മൾ മരിച്ചാൽ ലോകവും മരിച്ചു എന്ന് പറയാറുണ്ടല്ലോ. ഇപ്പോൾ ജീവിച്ചിരിക്കെത്തന്നെ നിങ്ങൾക്ക് മരിക്കണം. നമ്മൾ ആത്മാക്കൾ ശിവബാബയുടെ കുട്ടികളാണ്. ശരീരത്തിന്റെ അഭിമാനത്തെ ഇല്ലാതാക്കണം. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ എന്നിട്ട് എന്നെ ഓർമ്മിക്കൂ. ശരീരബോധത്തെ ഉപേക്ഷിക്കൂ. ഇത് പഴയ ശരീരമല്ലേ. പഴയ സാധനങ്ങളെ ഉപേക്ഷിക്കാറുണ്ടല്ലോ. സ്വയം അശരീരിയാണെന്ന് മനസ്സിലാക്കൂ. ഇപ്പോൾ നിങ്ങൾക്ക് ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് ബാബയുടെ അടുത്ത് എത്തണം. ഇങ്ങനെ ചെയ്ത് ചെയ്ത് നിങ്ങൾക്ക് ശീലമാകും. ഇപ്പോൾ നിങ്ങൾക്ക് വീട്ടിലേയ്ക്ക് പോകണം എങ്കിൽ പിന്നെന്തിനാണ് ഈ പഴയ ലോകത്തെ ഓർമ്മിക്കുന്നത്. ഏകാന്തമായിരുന്ന് ഇത്തരത്തിൽ പരിശ്രമം ചെയ്യണം. ഭക്തിമാർഗ്ഗത്തിലും കുടിലിനുള്ളിൽ ഇരുന്ന് മാല കറക്കുന്നു, പൂജ ചെയ്യുന്നു. നിങ്ങളും ഏകാന്തമായിരുന്ന് ഈ പരിശ്രമം ചെയ്യൂ എങ്കിൽ ശീലമാകും. നിങ്ങൾക്ക് വായിലൂടെ ഒന്നും പറയേണ്ടതില്ല. ഇത് ബുദ്ധിയുടെ കാര്യമാണ്. ശിവബാബയാണ് പഠിപ്പിക്കുന്നത്. ബാബയ്ക്ക് പുരുഷാർത്ഥം ചെയ്യേണ്ടതില്ല. ഈ ബ്രഹ്മാബാബ പുരുഷാർത്ഥം ചെയ്യുന്നുണ്ട്, അദ്ദേഹം പിന്നീട് നിങ്ങൾ കുട്ടികൾക്കും മനസ്സിലാക്കിത്തരുന്നു. എത്ര സാധിക്കുമോ അത്രയും ഇരുന്ന് ഇങ്ങനെ ചിന്തിക്കൂ. ഇപ്പോൾ നമുക്ക് നമ്മുടെ വീട്ടിലേയ്ക്ക് പോകണം. ഈ ശരീരത്തെ ഇവിടെ ഉപേക്ഷിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകും മാത്രമല്ല ആയുസ്സും വർദ്ധിക്കും. ഉള്ളിൽ ഈ ചിന്തയുണ്ടായിരിക്കണം. പുറമെ ഒന്നും പറയേണ്ടതില്ല. ഭക്തിമാർഗ്ഗത്തിലും ബ്രഹ്മ തത്വത്തേയോ ശിവലിംഗത്തേയോ ആണ് ഓർമ്മിക്കുന്നത്. എന്നാൽ ആ ഓർമ്മ യഥാർത്ഥമല്ല. ബാബയെ പരിചയമേയില്ല എങ്കിൽ പിന്നെ എങ്ങിനെ ഓർമ്മിക്കും. നിങ്ങൾക്ക് ഇപ്പോൾ ബാബയുടെ പരിചയം ലഭിച്ചു. അതിരാവിലെ ഉണർന്ന് ഏകാന്തമായിരുന്ന് തന്നോടുതന്നെ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കൂ. വിചാര സാഗര മഥനം ചെയ്യൂ, ബാബയെ ഓർമ്മിക്കൂ. ബാബാ ഞങ്ങൾ അങ്ങയുടെ സത്യമായ മടിത്തട്ടിലേയ്ക്ക് വന്നുകഴിഞ്ഞു. ഇത് ആത്മീയ മടിത്തട്ടാണ്. അതിനാൽ ഇങ്ങനെ ഇങ്ങനെ തന്നോടുതന്നെ സംസാരിച്ചുകൊണ്ടിരിക്കൂ. ബാബ വന്നിരിക്കുന്നു. ബാബ കല്പ കല്പം വന്ന് നമ്മെ രാജയോഗം പഠിപ്പിക്കുന്നു. ബാബ പറയുന്നു- എന്നെ ഓർമ്മിക്കൂ ഒപ്പം ചക്രത്തേയും ഓർമ്മിക്കൂ. സ്വദർശന ചക്രധാരിയായി മാറണം. ചക്രത്തിന്റെ മുഴുവൻ ജ്ഞാനവും ബാബയിൽ തന്നെയല്ലേയുള്ളത്. അത് പിന്നീട് നിങ്ങൾക്കും നൽകുന്നു. നിങ്ങളെ ത്രികാലദർശിയാക്കി മാറ്റുകയാണ്. മൂന്നു കാലങ്ങളേയും അർത്ഥം ആദി മദ്ധ്യ അന്ത്യത്തെ നിങ്ങൾ അറിയുന്നു. ബാബ പരമാത്മാവാണ്. ബാബയ്ക്ക് ശരീരമില്ല. ഇപ്പോൾ ഈ ശരീരത്തിൽ ഇരുന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ്. ഇത് അത്ഭുതകരമായ കാര്യമാണ്. ഭാഗ്യശാലിയായ രഥത്തിൽ ഇരിക്കുമെങ്കിൽ തീർച്ച

യായും അത് രണ്ടാമതൊരു ആത്മാവാണ്. ഇദ്ദേഹത്തിന്റെ വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മമാണിത്. നമ്പർ വൺ പാവനമായിരുന്നവർ തന്നെയാണ് നമ്പർവൺ പതിതമായി മാറുന്നത്. ഇദ്ദേഹം ഞാൻ ഭഗവാനാണ്, വിഷ്ണുവാണ് എന്നൊന്നും പറയുന്നില്ലല്ലോ. ഇവിടെ ഒരു ആത്മാവ് പോലും പാവനമല്ല, എല്ലാവരും പതിതമാണ്. അതിനാൽ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്, ഇങ്ങനെ ഇങ്ങനെ വിചാര സാഗര മഥനം ചെയ്യൂ എങ്കിൽ നിങ്ങൾക്ക് സന്തോഷമുണ്ടാകും, ഇതിൽ ഏകാന്തതയും വളരെ അധികം ആവശ്യമാണ്. ഒരാളുടെതന്നെ ഓർമ്മയിൽ ശരീരത്തിന്റെ അന്ത്യമുണ്ടാകുന്നു, അതിനെയാണ് ഏകാന്തം എന്നു പറയുന്നത്. ഈ വസ്ത്രം ഊരിപ്പോകും. സന്യാസിമാരും ബ്രഹ്മത്തിന്റേയോ തത്വത്തിന്റേയോ ഓർമ്മയിൽ ഇരിക്കുന്നു, ആ ഓർമ്മയിൽ ഇരുന്ന് ഇരുന്ന് ശരീരബോധം ഇല്ലാതാകുന്നു. എനിക്ക് ബ്രഹ്മത്തിൽ ലയിക്കണം ഇതുമാത്രമേയുള്ളു. അങ്ങനെ ഇരിക്കും. തപസ്യയിൽ ഇരുന്ന ഇരുപ്പിൽ ശരീരം ഉപേക്ഷിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ ഒരുപാട് ക്ഷീണിക്കുന്നു. ഇവിടെയാണെങ്കിൽ ക്ഷീണിക്കേണ്ട ആവശ്യമില്ല. ഓർമ്മയിൽ തന്നെ ഇരിക്കണം. അവസാനം ആരെയും ഓർമ്മ വരരുത്. വീട്ടിൽ ഇരിക്കുക തന്നെ വേണം. ബാക്കി സമയം കണ്ടെത്തണം. വിദ്യാർത്ഥികൾക്ക് പഠിപ്പിൽ ലഹരിയുണ്ടാകുമല്ലോ. ഇത് പഠിപ്പാണ്, സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കിയില്ലെങ്കിൽ അച്ഛൻ-ടീച്ചർ-സദ്ഗുരു എല്ലാവരേയും മറന്നുപോകും. ഏകാന്തമായിരുന്ന് ഇങ്ങനെ ഇങ്ങനെ ചിന്തിക്കൂ. വീട്ടിലാണെങ്കിൽ വൈബ്രേഷൻ ശരിയായിരിക്കില്ല. അഥവാ സൗകര്യമുണ്ടെങ്കിൽ വേറിട്ട ഒരു മുറിയിൽ ഏകാന്തമായിരിക്കൂ. മാതാക്കൾക്കാണെങ്കിൽ പകലും സമയം ലഭിക്കും. കുട്ടികൾ എല്ലാവരും സ്ക്കൂളിലേയ്ക്ക് പോകും. എത്ര സമയം ലഭിക്കുന്നോ ഈ പരിശ്രമം ചെയ്തുകൊണ്ടിരിക്കൂ. നിങ്ങൾക്കാണെങ്കിൽ ഒരു വീടേയുള്ളു, ബാബയ്ക്കാണെങ്കിൽ എത്ര അധികം കടകളാണ്, ഇനിയും വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. മനുഷ്യർക്ക് ജോലി കാര്യങ്ങളുടെ ചിന്തയുണ്ടെങ്കിൽ തന്നെ ഉറക്കം നഷ്ടമാകും. ഇത് വ്യാപാരവും കൂടിയാണല്ലോ. എത്ര വലിയ ആളാണ്. എത്ര വലിയ ലാഭമാണ് ഉണ്ടാകുന്നത്. പഴയ ശരീരം എടുത്ത് പുതിയത് നൽകുന്നു, എല്ലാവർക്കും വഴി പറഞ്ഞുതരുന്നു. ഈ ജോലിയും അവർക്ക് ചെയ്യണം. ഈ വ്യാപാരം വളരെ വലുതാണ്. വ്യാപാരിയ്ക്ക് വ്യാപാരത്തിന്റെ ചിന്തയുണ്ടാകും. ബാബ ഇങ്ങനെ ഇങ്ങനെ അഭ്യാസം ചെയ്യുന്നു പിന്നീട് പറയുന്നു- ഇങ്ങനെ ഇങ്ങനെ ചെയ്യൂ. എത്രത്തോളം നിങ്ങൾ ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നുവോ അതിനനുസരിച്ച് സ്വതവേ ഉറക്കം പോകും. സമ്പാദ്യത്തിൽ ആത്മാവിന് വളരെ അധികം രസം തോന്നും. സമ്പാദിക്കാനായി മനുഷ്യർ രാത്രിയിലും ഉണർന്നിരിക്കുന്നു. സീസണിൽ രാത്രിയും കട തുറന്നിരിക്കും. നിങ്ങളുടെ സമ്പാദ്യം രാത്രിയിലും പിന്നെ അതിരാവിലെയും നന്നായി നടക്കും. സ്വദർശന ചക്രധാരിയായി മാറും, ത്രികാലദർശിയായി മാറും. 21 ജന്മങ്ങളിലേയ്ക്കായി ധനം സമ്പാദിക്കുന്നു. മനുഷ്യർ ധനവാനായി മാറുന്നതിനായി പുരുഷാർത്ഥം ചെയ്യുന്നു. നിങ്ങളും ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും, ബലം ലഭിക്കും. ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നില്ലെങ്കിൽ വളരെ അധികം നഷ്ടമുണ്ടാകും എന്തുകൊണ്ടെന്നാൽ തലയിൽ പാപഭാരം ഒരുപാടുണ്ട്. ഇപ്പോൾ സമ്പാദിക്കണം, ഒരാളെ മാത്രം ഓർമ്മിക്കണം, ത്രികാലദർശിയായി മാറണം. ഈ അവിനാശിയായ ധനം അരകല്പത്തിലേയ്ക്കായി ശേഖരിക്കണം. ഇത് വളരെ വിലപിടിച്ചതാണ്. വിചാര സാഗര മഥനം ചെയ്ത് രത്നങ്ങൾ കണ്ടെത്തണം. ബാബ എങ്ങനെയാണോ സ്വയം ചെയ്യുന്നത് അതുപോലെ കുട്ടികൾക്കും യുക്തികൾ പറഞ്ഞുതരുന്നു. പറയുന്നു, ബാബാ മായയുടെ കൊടുങ്കാറ്റ് ഒരുപാട് വരുന്നു.

ബാബ പറയുന്നു എത്ര സാധിക്കുമോ അത്രയും സമ്പാദ്യം ഉണ്ടാക്കണം, ഈ ജോലിയാണ് ചെയ്യേണ്ടത്. ഏകാന്തമായിരുന്ന് ബാബയെ ഓർമ്മിക്കണം. സമയം ലഭിക്കുകയാണെങ്കിൽ ക്ഷേത്രങ്ങളിൽ ചെന്ന് സേവനവും ചെയ്യണം. ബാഡ്ജ് തീർച്ചയായും ധരിക്കണം. ഇത് ആത്മീയ മിലിറ്ററിയാണ് എന്നത് എല്ലാവർക്കും മനസ്സിലാകണം. നിങ്ങൾ എഴുതുന്നുമുണ്ട്- ഞങ്ങൾ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ആദി സനാതന ദേവീദേവതാ ധർമ്മമുണ്ടായിരുന്നു, ഇപ്പോൾ ഇല്ല അത് വീണ്ടും സ്ഥാപിക്കുകയാണ്. ഈ ലക്ഷ്മീ നാരായണനല്ലേ പ്രധാനലക്ഷ്യം. ട്രാൻസ് ലൈറ്റിന്റെ ഈ ചിത്രം ബാറ്ററിയോടൊപ്പം എടുത്ത് ചുറ്റിക്കറങ്ങണം എന്നിട്ട് പറയണം, ഈ രാജ്യം ഞങ്ങൾ സ്ഥാപിക്കുകയാണ്. ഈ ചിത്രം ഏറ്റവും നല്ലതാണ്. ഈ ചിത്രം വളരെ പ്രശസ്തമാണ്. ലക്ഷ്മീ നാരായണന്മാർ മാത്രമല്ല ഉണ്ടായിരുന്നത്, അവരുടെ രാജധാനി ഉണ്ടായിരുന്നല്ലോ. ഈ സ്വരാജ്യം സ്ഥാപിക്കുകയാണ്. ഇപ്പോൾ ബാബ മന്മനാഭവ എന്ന് പറയുന്നു. ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ഞങ്ങൾ ഗീതയുടെ സപ്താഹം ആചരിക്കും എന്ന് പറയുന്നു. ഈ മുഴുവൻ പദ്ധതികളും കല്പം മുമ്പത്തേതുപോലെ ഉണ്ടാവുകയാണ്. ചുറ്റിക്കറങ്ങുമ്പോൾ ഈ ചിത്രം ഉപയോഗിക്കണം. ഇത് കണ്ട് എല്ലാവരും സന്തോഷിക്കും. നിങ്ങൾ പറയും ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ, മന്മനാഭവ. ഇത് ഗീതയിലെ വാക്കുകളല്ലേ. ഭഗവാൻ ശിവബാബയാണ്, ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. 84 ന്റെ ചക്രത്തെ ഓർമ്മിക്കൂ എങ്കിൽ ഇതുപോലെയായി മാറും. പുസ്തകങ്ങളും നിങ്ങൾ നൽകിക്കൊണ്ടിരിക്കൂ. ശിവബാബയുടെ

ഭണ്ഡാര സദാ നിറഞ്ഞിരിക്കുന്നതാണ്. മുന്നോട്ട് പോകവേ വളരെ അധികം സേവനം നടക്കും. പ്രധാന ലക്ഷ്യം എത്ര വ്യക്തമാണ്. ഒരു രാജ്യം, ഒരു ധർമ്മം ഉണ്ടായിരുന്നു, വളരെ സമ്പന്നമായിരുന്നു. ഒരു രാജ്യം, ഒരു ധർമ്മം ഉണ്ടാകണം എന്ന് മനുഷ്യർ ആഗ്രഹിക്കുന്നു. മനുഷ്യർ എന്താണോ ആഗ്രഹിക്കുന്നത് അത് വാസ്തവത്തിൽ സംഭവിക്കുകയാണ് പിന്നീട് ഇവർ പറയുന്നത് ശരിയാണ് എന്ന് മനസ്സിലാക്കും. 100 ശതമാനം പവിത്രത, സുഖം, ശാന്തി നിറഞ്ഞ രാജ്യം വീണ്ടും സ്ഥാപിക്കുകയാണ് പിന്നീട് നിങ്ങൾക്ക് സന്തോഷവും ഉണ്ടാകും. ഓർമ്മയിൽ ഇരിക്കുന്നതിലൂടെയേ ലക്ഷ്യത്തിൽ അമ്പ് തറയ്ക്കൂ. ശാന്തിയിൽ ഇരുന്ന് കുറച്ച് വാക്കുകൾ പറഞ്ഞാൽ മതി. കൂടുതൽ ശബ്ദം വേണ്ട. ഗീതം, കവിത മുതലായ ഒന്നും ബാബ ഇഷ്ടപ്പെടുന്നില്ല. പുറത്തുള്ള മനുഷ്യരോട് മത്സരിക്കേണ്ടതില്ല. നിങ്ങളുടെ കാര്യം തന്നെ വേറെയാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം, അത്രമാത്രം. മനുഷ്യർ വായിച്ച് ഉണരുന്ന രീതിയിൽ സ്ലോഗനും നല്ലതായിരിക്കണം. കുട്ടികൾ വൃദ്ധി നേടിക്കൊണ്ടിരിക്കും. ഖജനാവ് നിറഞ്ഞിരിക്കും. കുട്ടികൾ നൽകിയത് കുട്ടികളുടെ ആവശ്യത്തിനായിത്തന്നെയാണ് ഉപയോഗിക്കുന്നത്. ബാബ പൈസ കൊണ്ടുവരുന്നില്ല. നിങ്ങളുടെ സാധനങ്ങൾ നിങ്ങളുടെ കാര്യത്തിനാണ് ഉപയോഗിക്കുന്നത്. ഭാരതവാസിയ്ക്ക് അറിയാം നമ്മൾ വളരെ അധികം മുന്നോട്ട് വന്നിട്ടുണ്ട്. 5 വർഷത്തിനുള്ളിൽ ഇത്രയും ധാന്യങ്ങളുണ്ടാകും പിന്നെ ധാന്യത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല. മാത്രമല്ല നിങ്ങൾക്ക് അറിയാം- അന്നം കഴിക്കാൻ പോലും ലഭിക്കാത്ത തരത്തിലുള്ള സാഹചര്യം ഉണ്ടാകും. അല്ലാതെ ധാന്യം കുറഞ്ഞ വിലയ്ക്ക് ലഭിക്കും എന്നല്ല.

നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ 21 ജന്മങ്ങളിലേയ്ക്കായി തന്റെ രാജ്യഭാഗ്യം നേടുകയാണ്. കുറച്ച് ബുദ്ധിമുട്ടുകൾ സഹിക്കുകതന്നെ വേണം. സന്തോഷം പോലൊരു ടോണിക്കില്ല എന്ന് പറയാറുണ്ട്. ഗോപ ഗോപികമാരുടെ അതീന്ദ്രിയസുഖത്തെക്കുറിച്ചാണ് പാടിയിട്ടുള്ളത്. അനേകം കുട്ടികളാവും. ആരെല്ലാം തൈകളാണോ അവരെല്ലാം വരും. വൃക്ഷം ഇവിടെത്തന്നെയല്ലേ വളരേണ്ടത്. സ്ഥാപന നടക്കുകയാണ്. മറ്റു ധർമ്മങ്ങളിൽ ഇങ്ങനെ സംഭവിക്കില്ല. അവർ മുകളിൽ നിന്നാണ് വരുന്നത്. ഇവിടെ വൃക്ഷം സ്ഥാപിച്ചുകഴിഞ്ഞു. ഇതിൽ പിന്നീട് നമ്പർവൈസ് ആയി വരും, വൃദ്ധി നേടും. ഒരു ബുദ്ധിമുട്ടുമില്ല. അവർക്ക് മുകളിൽ നിന്നും വന്ന് പാർട്ട് അഭിനയിക്കുകതന്നെ വേണം, ഇതിൽ മഹിമയ്ക്കുള്ള എന്താണുള്ളത്. ധർമ്മസ്ഥാപകന്റെ പിറകെ വരുന്നു. അവർ സദ്ഗതിയ്ക്കുള്ള എന്ത് അറിവാണ് നൽകുക? ഒന്നുമില്ല. ഇവിടെയാണെങ്കിൽ ബാബ ഭാവിയിലെ ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. സത്യയുഗത്തിൽ പുതിയ തൈകളല്ലേ നടുന്നത്. ആദ്യം ചെടികൾ പൂച്ചട്ടിയിലാണ് വെയ്ക്കുക പിന്നീട് താഴെ നടുന്നു. വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. നിങ്ങളും ഇപ്പോൾ ചെടി നട്ടുകൊണ്ടിരിക്കുകയാണ് പിന്നീട് സത്യയുഗത്തിൽ വൃദ്ധി നേടി രാജ്യഭാഗ്യം പ്രാപ്തമാക്കും. നിങ്ങൾ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണ്. മനുഷ്യർ കരുതുന്നു- കലിയുഗത്തിൽ ഇനിയും വർഷങ്ങൾ ബാക്കിയുണ്ട് എന്തെന്നാൽ ശാസ്ത്രങ്ങളിൽ ലക്ഷക്കണക്കിന് വർഷം എന്നാണ് എഴുതിയിരിക്കുന്നത്. കരുതുന്നു കലിയുഗത്തിൽ ഇനിയും 40 ആയിരം വർഷം ബാക്കിയുണ്ട്. ശേഷം ബാബ വന്ന് പുതിയ ലോകം സ്ഥാപിക്കും. ചിലർ കരുതുന്നു ഇത് അതേ മഹാഭാരത യുദ്ധമാണ്. ഗീതയുടെ ഭഗവാനും തീർച്ചയായും ഉണ്ടാകും. നിങ്ങൾ പറയുന്നു കൃഷ്ണൻ ഉണ്ടായിരുന്നില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്- കൃഷ്ണൻ 84 ജന്മങ്ങൾ എടുക്കുന്നുണ്ട്. ഒരു രൂപത്തിന് അടുത്തതുമായി സാമ്യമുണ്ടാകില്ല. പിന്നെ എങ്ങനെ കൃഷ്ണൻ ഇവിടെ വരും. ആരും ഇതിനെക്കുറിച്ച് ചിന്തിക്കുന്നില്ല. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ് പിന്നെങ്ങനെ ദ്വാപരത്തിൽ വരും. ഈ ലക്ഷ്മീ നാരായണന്റെ ചിത്രം കാണുമ്പോൾ തന്നെ മനസ്സിലാകും- ശിവബാബ ഈ സമ്പത്ത് നൽകുകയാണ്. സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നത് ബാബതന്നെയാണ്. ഈ ചക്രത്തിന്റേയും വൃക്ഷത്തിന്റേയും ചിത്രം ചെറുതൊന്നുമല്ല. ഒരു ദിവസം നിങ്ങളുടെ പക്കൽ ഈ ചിത്രങ്ങളെല്ലാം ട്രാൻസ് ലൈറ്റിൽ നിർമ്മിച്ചത് ഉണ്ടാകും. പിന്നീട് എല്ലാവരും പറയും ഞങ്ങൾക്ക് ഇങ്ങനെയുള്ള ചിത്രങ്ങളാണ് വേണ്ടത്. ഈ ചിത്രങ്ങളിലൂടെ പിന്നീട് വിഹംഗ മാർഗ്ഗത്തിലുള്ള സേവനവും നടക്കും. നിങ്ങളുടെ അടുത്തേയ്ക്ക് ഇത്രയും കുട്ടികൾ വരും പിന്നെ നിങ്ങൾക്ക് സമയം കിട്ടില്ല. അനേകം പേർ വരും. വളരെ അധികം സന്തോഷമാകും. ദിനം പ്രതിദിനം നിങ്ങളുടെ ശക്തി വർദ്ധിക്കും. ഡ്രാമ അനുസരിച്ച് പുഷ്പമായി മാറേണ്ടവർക്ക് ടച്ചിംങ് ലഭിക്കും. ബാബ വഴി പറഞ്ഞുതരുമല്ലോ. വളരെ അധികം കുട്ടികൾ എഴുതുന്നുണ്ട്- എന്റെ പതിയുടെ ബുദ്ധിയ്ക്ക് ടച്ചിംഗ് നൽകൂ. ഇങ്ങനെ എല്ലാവരുടേയും ബുദ്ധിയെ ടച്ച് ചെയ്താൽ എല്ലാവരും സ്വർഗ്ഗത്തിൽ വന്നുചേരും. പഠിക്കുന്ന പരിശ്രമവും ഉണ്ട്. നിങ്ങൾ ഭഗവാന്റെ സഹായികളല്ലേ. സത്യം സത്യമായ കാര്യം ബാബ ആദ്യം തന്നെ പറഞ്ഞുതരുന്നു- എന്ത് എന്തെല്ലാം ചെയ്യണം. ഇങ്ങനെയുള്ള ചിത്രങ്ങൾ കൊണ്ടുപോകേണ്ടതായി വരും. ഏണിപ്പടിയുടേയും കൊണ്ടുപോകണം. ഡ്രാമ അനുസരിച്ച് സ്ഥാപന നടക്കുകതന്നെ വേണം. ബാബ സേവനത്തിനായി എന്ത് നിർദേശമാണോ നൽകുന്നത്, അതിൽ ശ്രദ്ധ നൽകണം. ബാബ പറയുന്നു വ്യത്യസ്തങ്ങളായ ലക്ഷക്കണക്കിന്

ബാഡ്ജുകൾ നിർമ്മിക്കൂ. ട്രയിൻ ടിക്കറ്റ് എടുത്ത് 100 മൈലുകൾ സേവനം ചെയ്തിട്ടുവരൂ. ഒരു ബോഗിയിൽ നിന്ന് രണ്ടാമത്തതിലേയ്ക്ക് പിന്നീട് മൂന്നാമത്തേതിലേയ്ക്ക് അങ്ങനെ. കുട്ടികൾക്ക് സേവനം ചെയ്യുന്നതിനുള്ള ലഹരിയുണ്ടാകണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വിചാര സാഗര മഥനം ചെയ്ത് നല്ല നല്ല പോയന്റ്സ് കണ്ടെത്തണം, സമ്പാദ്യം ശേഖരിക്കണം. ഭഗവാന്റെ സത്യം സത്യമായ സഹായിയായി മാറി സേവനം ചെയ്യണം.

2) പഠിപ്പിൽ വളരെ അധികം താല്പര്യം ഉണ്ടാകണം. എപ്പോൾ സമയം ലഭിച്ചാലും ഏകാന്തതയിലേയ്ക്ക് പോകണം. ജീവിച്ചിരിക്കെ ഈ ശരീരത്തിൽ നിന്നും മരിച്ചുകഴിഞ്ഞു എന്ന അഭ്യാസം ചെയ്യണം, ഈ സ്റ്റേജിന്റെ അനുഭവം ഉണ്ടായിക്കൊണ്ടിരിക്കണം. ദേഹത്തിന്റെ അഭിമാനത്തേയും മറക്കണം.

## വരദാനം:- തന്റെ അടിസ്ഥാനസംസ്കാരങ്ങളുടെ പരിവർത്തനത്തിലൂടെ വിശ്വപരിവർത്തനം ചെയ്യുന്നവരായ ഉദാഹരണസ്വരൂപമായി ഭവിക്കട്ടെ.

ഓരോരുത്തരിലും അവരുടെ അടിസ്ഥാനസംസ്കാരമുണ്ട്, അതിനെ സ്വഭാവം എന്ന് പറയുന്നു, സമയം പ്രതി സമയം മുന്നേറുന്നതിൽ അത് തടസമാകുന്നു, ആ അടിസ്ഥാന സംസ്കാരങ്ങളുടെ പരിവർത്തനം ചെയ്യുന്ന ഉദാഹരണസ്വരൂപമാകൂ അപ്പോൾ സമ്പൂർണ വിശ്വത്തിന്റെ പരിവർത്തനമുണ്ടാകും. ഇപ്പോൾ ഇങ്ങനെയുള്ള പരിവർത്തനം ചെയ്യൂ- ആരും പറയാൻ പാടില്ല, ഇവരുടെ ഈ സംസ്കാരം ആദ്യമേ തന്നെയുണ്ട്. ശതമാനത്തിൽ അംശമാത്ര പോലും പഴയ യാതൊരു സംസ്കാരവും കാണപ്പെടുന്നില്ലെങ്കിൽ, പറയപ്പെടുന്നില്ലെങ്കിൽ അപ്പോൾ പറയും- ഇവർ സമ്പൂർണപരിവർത്തനത്തിന്റെ ഉദാഹരണസ്വരൂപമാണ്.

## സ്ലോഗൻ:- ഇപ്പോൾ പ്രയത്നത്തിന്റെ സമയം കടന്നുപോയി, അതിനാൽ ഹൃദയം കൊണ്ട് പ്രതിജ്ഞ ചെയ്ത് ജീവിതത്തെ പരിവർത്തനപ്പെടുത്തൂ

**അവ്യക്തസൂചന - സ്വയത്തെയും സർവരെയും പ്രതി മനസാ യോഗത്തിന്റെ ശക്തികളെ പ്രയോഗത്തിൽ കൊണ്ടുവരൂ**

സയൻസ് പ്രയോഗത്തിൽ വരുമ്പോൾ കരുതുന്നു- സയൻസ് നല്ല കാര്യം ചെയ്യുന്നു, ഇങ്ങനെ സൈലൻസിന്റെ ശക്തിയെ പ്രയോഗിക്കൂ, ഇതിനു വേണ്ടി ഏകാഗ്രതയുടെ അഭ്യാസം വർദ്ധിപ്പിക്കൂ. ഏകാഗ്രതയുടെ മൂലആധാരമാണ്- മനസിന്റെ നിയന്ത്രണശക്തി. അതിലൂടെ മനോബലം വർധിക്കുന്നു. ഇതിനായി ഏകാന്തവാസിയാകൂ.